# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 187 — 04.02.2013-ൽ മറുപടിയ്ക്ക്

### കാട്ടുതീ നിയന്ത്രിക്കുന്ന തിന് സംവിധാനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ | ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ ഏതെല്ലാം വനപ്രദേശങ്ങളിലാണ് നിരന്തരമായി കാട്ടുതീയുണ്ടാകുന്നത്; വിശദമാക്കുമോ; | എ) സംസ്ഥാനത്തെ വനപ്രദേശങ്ങളിൽ നിരന്തരമായി കാട്ടുതീ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ജനവരി മുതൽ ഏപ്രിൽ വരെയുള്ള മാസങ്ങളിലാണ് സാധാരണയായി കാട്ടുതീ മൂലമുള്ള വനനാശം ഉണ്ടാകുന്നത്. കാട്ടുതീ കൂടുതലായി കണ്ടുവരുന്ന സ്ഥലങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) കാട്ടുതീ നിയന്ത്രിക്കുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; വെളിപ്പെടുത്തുമോ; | ബി) കാട്ടുതീ പടരുന്നത് തടയാൻ ഫയർലൈൻ എടുക്കുകയും ഫയർ വാച്ചർമാരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. കാട്ടുതീ ഉണ്ടാകാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളെ പല ഫയർ ബ്ലോക്കുകളായി തിരിച്ച് ഫയർ വാച്ചർമാർ ഉൾപ്പെടുന്ന ഫയർ ഗാങ് രൂപീകരിച്ചിട്ടുണ്ട്. കാട്ടുതീ പ്രതിരോധ ഉപകരണങ്ങളായ ഫയർ പമ്പ്, ഫയർ റേക്ക്, ഫയർ സ്വാറ്റർ തുടങ്ങിയ ഉപകരണങ്ങൾ അടിയന്തര ഘട്ടങ്ങളിൽ ഉപയോഗിക്കുന്നുണ്ട്. ജന പങ്കാളിത്തത്തോടുകൂടിയ അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഇക്കോ ഡവലപ്പമെന്റ് കമ്മിറ്റികളുടെ പങ്കാളിത്തത്തോടെ ഫയർ പ്രൊട്ടക്ഷൻ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കാട്ടുതീ തടയേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ജനവാസ കേന്ദ്രങ്ങളിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നുണ്ട്. |

| | | |
|---|---|---|
| | | പ്രദേശങ്ങളിലെ സ്കൂൾ വിദ്യാർത്ഥികളുടെ പങ്കാളിത്തത്തോടെ ബോധവൽക്കരണ ക്യാമ്പുകൾ, റാലികൾ എന്നിവ സംഘടിപ്പിക്കാറുണ്ട്. അതികഠിനമായ വേനൽക്കാലത്ത് ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ അനുമതിയോടുകൂടി സംരക്ഷിതമേഖലകൾ നിശ്ചിത കാലയളവിലേയ്ക്ക് അടച്ചിടാറുണ്ട്. |
| സി) | കൂടുതലായി കാട്ടുതീ കാണപ്പെടുന്ന വനമേഖലകൾ കേന്ദ്രീകരിച്ച് ഫയർ ഫോഴ്സ് യൂണിറ്റ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സി) ഇപ്പോഴുള്ള വനസംരക്ഷണ ജീവനക്കാരെ കാട്ടുതീ തടയുന്നതിനായി പ്രത്യേകം വിന്യസിപ്പിക്കുന്നുണ്ട്. കാട്ടുതീ പ്രതിരോധിക്കുന്നതിനായി പ്രത്യേക അഗ്നിശമന വാഹനങ്ങൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. Mini ഫയർ എൻജിൻ വാങ്ങുവാന് ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| വനം ഡിവിഷൻ | വനം റെയിഞ്ച് |
|---|---|
| തിരുവനന്തപുരം | പാലോട്, പരുത്തിപ്പള്ളി, കുളത്തുപ്പുഴ |
| പുനലൂർ | പത്തനാപുരം |
| കോട്ടയം | നഗരംപാറ, എരുമേലി, അയ്യപ്പൻകോവിൽ |
| കോതമംഗലം | തൊടുപുഴ. മുള്ളരിങ്ങാട്, കോതമംഗലം, കാളിയാർ |
| മൂന്നാർ | അടിമാലി. ദേവികുളം, നേരിയമംഗലം, മൂന്നാർ. |
| മറയൂർ | മറയൂർ, കാന്തല്ലൂർ |
| മാങ്കുളം | മാങ്കുളം, ആനക്കുളം |
| മലയാറ്റൂർ | തുണ്ടത്തിൽ, കോടനാട്, കാലടി |
| പാലക്കാട് | ഒലവക്കോട്, വാളയാർ, ഒറ്റപ്പാലം, |
| മണ്ണാർക്കാട് | മണ്ണാർക്കാട്, അഗളി, അട്ടപ്പാടി |
| നെമ്മാറ | നെല്ലിയാംപതി, കൊല്ലംകോട്, ആലത്തൂർ |
| നിലമ്പൂർ നോർത്ത് | നിലമ്പൂർ, എടവണ്ണ |
| നിലമ്പൂർ സൗത്ത് | കാളികാവ്, |
| കണ്ണൂർ | തളിപ്പറമ്പ്, കൊട്ടിയൂർ. |
| നോർത്ത് വയനാട് | ബേഗൂർ, മാനന്തവാടി , പേര്യ |
| സൗത്ത് വയനാട് | മേപ്പാടി, ചെതലത്ത്, കൽപ്പറ്റ. |
| വയനാട് വന്യജീവി | സുൽത്താൻ ബത്തേരി, കുറിച്ച്യാട്, മുത്തങ്ങ, തോൽപ്പെട്ടി |
| പീച്ചി | പീച്ചി |
| സൈലന്റ് വാലി | സൈലന്റ് വാലി |

സെക്ഷൻ ഓഫീസർ